(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്എ-ഐ.ഡി.കെ-11/1374/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ,

Ph:04862-227332

***E-mail : doidk.ksad@kerala.gov.in***

തീയതി : 05.12.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്/(സെക്രട്ടറി മുഖേന)
പള്ളിവാസൽ ഗ്രാമപഞ്ചായത്ത്

സർ

വിഷയം : പള്ളിവാസൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

****************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്എ-ഐ.ഡി.കെ-11/1374/18 തീയതി : 05.12.2018

## ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

**********************

ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.06.2017 മുതൽ 20.11.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ

നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. എം. വി. സിനി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.11.2018 മുതൽ 28.11.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. എം. കെ. മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീ. രാജീവ് എം. എസ്. | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ബിനുമോൻ കെ. സി. | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി. തുളസിഭായി കൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. ഹരി പുരുഷോത്തമൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. സെക്രട്ടറി | ശ്രീ. സജീവ് പി. പി. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. ജസ്ബിൻ തോമസ് | 01.04.2017 മുതൽ 13.12.2017 വരെ |
| | | 05.02.2018 മുതൽ 31.03.2018 വരെ |
| | ശ്രീ. വി. റ്റി. മൃദുൽരാജ് | 14.12.2017 മുതൽ 04.02.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി മേഴ്സി എ. എ. | 01.04.2017 മുതൽ 12.10.2017 വരെ |
| | ശ്രീമതി. ജമീല എം. യു. | 13.10.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫിസർ | ശ്രീ. നാരായണൻ നമ്പൂതിരി | 01.04.2017 മുതൽ 12.10.2017 വരെ |
| | ശ്രീ. സുജിത് പി. രാഘവൻ | 13.10.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീ. എം. അനന്തകൃഷ്ണൻ | 01.04.2017 മുതൽ 22.06.2017 വരെ |
| | ശ്രീ. കെ. പി. ഷാജി | 23.06.2017 മുതൽ 03.07.2017 വരെ |
| | ശ്രീ. ജയപ്രകാശ് എസ്. പി. | 04.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | ഡോ. പ്രദീപ് | 01.04.2017 മുതൽ 25.04.2017 വരെ |
| | ഡോ. റീന രാജ് | 26.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫിസർ (അലോപ്പതി) | ഡോ. അജിത് പ്രശാന്ത് പി. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. എം. എസ്. നൗഷാദ് | 01.04.2017 മുതൽ 14.12.2017 വരെ |
| | ഡോ. പ്രജ്യേഷ് പി. സോമൻ | 15.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫിസർ (വെറ്ററിനറി ഡിസ്പെൻസറി) | ഡോ. ജിം കെ. കിഴക്കുടൻ | 01.04.2017 മുതൽ 19.07.2017 വരെ |
| | ഡോ. റിനോജ് ജോസഫ് | 20.07.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സിജി എം. എ. | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നമ്പർ | ഭാഗം 1 – പൊതു അവലോകനം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് വേരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |

| | | |
|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ |
| | | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 13 | 2-1 | ചട്ടലംഘനം നിലനില്ക്കുമ്പോൾ കെട്ടിടത്തിന് ഒക്യുപൻസി നല്കി |
| 14 | 2-2 | കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ മറ്റ് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു |
| | | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 15 | 3-1 | കുടിവെള്ള പദ്ധതികൾക്ക് അധിക നിരക്ക് നല്കി നഷ്ടം - ₹1,85,437/- |
| 16 | 3-2 | രണ്ടാം മൈൽ കുടിവെള്ള പദ്ധതി - പദ്ധതി പൂർത്തീകരിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-3 | അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല |
| 18 | 3-4 | ഉദ്ഘാടനച്ചെലവ് - അധിക ചെലവ് നിരാകരണം ₹9,500/- |
| 19 | 3-5 | എഗ്ഗർ നേഴ്സറി ഉടമ ഒരേ ഹാച്ചറി ബില്ല് പല പഞ്ചായത്തിൽ നല്കുന്നു |
| 20 | 3-6 | പദ്ധതി തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| | | ഭാഗം 4 – പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 21 | 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 22 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 23 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 24 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 25 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 26 | 4-6 | ഓഡിറ്റ് റിക്കവറി |
| 27 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 28 | 4-8 | ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ |
| 29 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 30 | 4-10 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം |
| 31 | അനുബന്ധം - 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 32 | അനുബന്ധം - 2 | ഓഡിറ്റ് ചെയ്ത പത്രികകൾ |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 28.03.2017-ലെ നമ്പർ 1 തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ്, പ്രാരംഭ ബാക്കി ₹2,51,52,865/- ഉൾപ്പെടെ ₹14,25,17,423/-ഉം ചെലവ് ₹11,17,31,908/-ഉം നീക്കിയിരിപ്പ് ₹3,07,85,515/-ഉം ആണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 18.05.2018 | 31.07.2018 | - | - |

### 1-3 വാർഷിക കണക്ക് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| ഓഡിറ്റ് വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.2018 – 21.06.2018 | കെ.എസ്.എ.-ഐ.ഡി.കെ.3/677 /2018(33) തീ. 29.08.2018 |

### 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,82,50,414/- |
| വരവ് | ₹7,36,03,635/- |
| ആകെ | ₹9,18,54,049/- |
| ചെലവ് | ₹6,37,06,529/- |

| | |
|---|---|
| നീക്കിയിരിപ്പ് | ₹2,81,47,520/- |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ..പ്രകാരം)

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം (ACR പ്രകാരം) | | 14360000 | 14360000 | 11744200 | 2615800 |
| വികസനഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | | 9055467 | 9055467 | 6383496 | 2671971 |
| വികസനഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | | 203917 | 203917 | 175000 | 28917 |
| സംരക്ഷണഗ്രാന്റ്റോഡ് (ACR പ്രകാരം) | | 4866000 | 4866000 | 4435080 | 430920 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് (ACR പ്രകാരം) | | 3657859 | 3657859 | 3657859 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 13466871 | 13466871 | 10293489 | 3173382 |
| കെ.എൽ.എസ്. ജി.ഡി.പി. (ACR പ്രകാരം) | | 1776051 | 1776051 | 1720061 | 55990 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | | | | | |
| തൊഴിലാളികളുടെ കൂലി | | 22635000 | 22635000 | 22635000 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 45829 | 3178377 | 3224206 | 3186890 | 37316 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| സ്പെ. ഫണ്ട് ടോട്ടൽ സാനിറ്റേഷൻ (കേന്ദ്ര വിഹിതം) | 32147 | 70000 | 102147 | 70000 | 32147 |
| ഐ.സി.ഡി. എസ്. | 209954 | 333139 | 543093 | 241852 | 301241 |
| പശ്ചിമഘട്ട വികസനം (കേന്ദ്ര വിഹിതം) | 14013 | 0 | 14013 | 0 | 14013 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് (സംസ്ഥാന വിഹിതം) എം.എൽ.എ. ഫണ്ട് | 1561311 | 0 | 1561311 | 249983 | 1311328 |
| ശുചിത്വ മിഷൻ | 1391509 | 0 | 1391509 | 0 | 1391509 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് – വിമുക്തി | 24140 | 12500 | 36640 | 12500 | 24140 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് മറ്റ് സംസ്ഥാന പദ്ധതി (TSC) – ഹരിത കേരളം | 0 | 25000 | 25000 | 7807 | 17193 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് – ആശ്രയ | 91293 | 500000 | 591293 | 0 | 591293 |
| ബ്ലോക്ക്പഞ്ചായത്ത് | 0 | 475000 | 475000 | 475000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 0 | 400000 | 400000 | 400000 | 0 |
| ബി-ഫണ്ട് | | 26178400 | 26178400 | 26178400 | 0 |
| ഡെപ്പോസിറ്റ് | 802226 | 846720 | 1648946 | 862268 | 786678 |
| ജനറൽ പർപ്പസ് ഗ്രാന്റ് –ട്രഷറി അക്കൗണ്ട് | 209954 | 6385000 | 6594954 | 6293713 | 301241 |
| ഗുണഭോക്തൃവിഹിതം | 590 | 479450 | 480040 | 479450 | 590 |
| തനത് ഫണ്ട് ബാങ്ക് | 9589365 | 22586483 | 32175848 | 13245348 | 18930500 |
| തനത് ഫണ്ട് – ട്രഷറി | 4278083 | 215077 | 4493160 | 84829 | 4408331 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 7,99,96,429 | 137 | 4,84,57,183 | 0 | 60 | 69.54% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ
- ഇല്ല –

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 45,829 | 31,78,377 | 32,24,206 | 31,86,890 | 37,316 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,26,35,000 | 2,26,35,000 | 2,26,35,000 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,400 | 24 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 18,28,900 | 152 |
| വിധവാപെൻഷൻ | 66,15,600 | 589 |
| വാർദ്ധക്യകാലപെൻഷൻ | 1,54,78,600 | 1253 |
| വികലാംഗപെൻഷൻ | 21,70,100 | 205 |
| 50 വയസിനുമുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 70,800 | 9 |

## 1-9 ക്യാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2018-ന് സ്ഥാപനത്തിന്റെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹32,885/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കാഷ് കൈകാര്യം ചെയ്യുന്നത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല.

വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്ത് വാഹനത്തിന്റെ ഇന്ധന ക്ഷമതാ സർട്ടിഫിക്കററ് സൂക്ഷിച്ചിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും 2 പ്രാവശ്യം സമ്മേളിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല. ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-09-2018 | 7/2018<br>&<br>8/2018 | 07-09-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-02-2010<br>മുതൽ<br>11-02-2010 | 2004-05<br>മുതൽ<br>2008-09 | 08-03-2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. IDCB-യുടെ മൂന്നാർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ (നം.120051201220003) അക്കൗണ്ടിൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ₹22,40,000/- നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്കിൽ നീക്കിയിരിപ്പ് തുക ഉൾപ്പെടുത്തിയില്ല.

2. സഞ്ചയയിലെ വസ്തുനികുതി തുകയും വാർഷിക കണക്കിലെ വസ്തുനികുതി തുകയുമായി പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസ്റ്റർ ആനുകാലികമാക്കിയിട്ടില്ല.

4. പാർട്ട് ബില്ലായി നൽകിയ തുകകൾ ബാലൻസ് ഷീറ്റിൽ 'capital work in progress' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

6. കാലാവധി കഴിഞ്ഞ ചെക്കുകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ചട്ടലംഘനം നിലനില്ക്കുമ്പോൾ കെട്ടിടത്തിന് ഒക്യുപൻസി നല്കി

ഓഡിറ്റ് വർഷം ഒക്യുപൻസി നല്കിയ കെട്ടിടത്തിന്റെ തൽസ്ഥിതി ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ | | കണ്ടെത്തിയ വസ്തുതകൾ/അപാകതകൾ |
|---|---|---|
| ഉടമസ്ഥൻ | സാലു തോമസ്, കുറ്റിവേലിൽ | 1. Second Cellar-ൽ കാർ പാർക്കിംഗിന്റെ സ്ഥാനത്ത് പെർമിറ്റില്ലാതെ മുറികൾ നിലവിൽ പണിതുകൊണ്ടിരിക്കുന്നു |
| നല്കിയ കെട്ടിട നം. | VII/174(3-8)(6എണ്ണം) | |
| നിലകൾ | First Cellar, Second Cellar, Ground and First Floor | 2. കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ Second Cellar-ൽ കാണിച്ചിരിക്കുന്ന രണ്ട് കാർ പാർക്കിംഗ് നിലവിലില്ല. കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഭൂപ്രകൃതി കാണുമ്പോൾ കംപ്ലീഷൻ പ്ലാൻ അംഗീകരിച്ച വേളയിൽ പോലും പ്രസ്തുത കാർ പാർക്കിംഗ് ഇല്ലായിരുന്നുവെന്ന് വ്യക്തമാണ്. |
| ഉപയോഗ ക്രമം | F-വാണിജ്യം | |
| കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലിന്ത് അളവ് | Ground floor – 96.67m2<br>First floor - 96.67m2<br>First Cellar - 91.32m2 | |

| | | |
|---|---|---|
| | Second Cellar -3.39m2 | 3.കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ വടക്ക് ഭാഗത്ത് കാണിച്ചിരിക്കുന്ന തുറസ്സായ സ്ഥലം(set back) നിലവിലില്ല |

മേൽ സൂചിത ചട്ട ലംഘനങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. സെക്കന്റ് സെല്ലറിൽ മുറികൾ പണിയുന്നതുകൊണ്ട് പ്ലിന്ത് ഏരിയാ വർദ്ധിച്ചതിനാൽ നികുതി പുനർ നിർണയിച്ച് വസ്തുനികുതിയിനത്തിലുള്ള ഗ്രാമപഞ്ചായത്തിന്റെ വരുമാനം നഷ്ടപ്പെടുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്. കാർ പാർക്കിംഗിന്റെ കുറവിന്റെ സംഗതിയിൽ, 2014-ലെ ക്രമവത്കരണ ചട്ടങ്ങൾ പ്രകാരം പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. പരിഹാര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ മറ്റ് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

തനത് കൈതൊഴിൽ വ്യവസായങ്ങളായ കൈത്തറി, കയർ എന്നിവയ്ക്ക് ഒരു സഹായവും പ്രോത്സാഹനവും എന്ന നിലയിലാണ് അത്തരം വ്യവസായങ്ങളുടെ ഷെഡുകൾക്ക് കുറഞ്ഞ നിരക്കിലുള്ള നികുതി ഈടാക്കുന്നതിന് നിർദ്ദേശിച്ചിരിക്കുന്നത്. ഒരു ച.മീറ്ററിന് 10 നിരക്കിലാണ് അത്തരം ഷെഡുകളുടെ നികുതി നിർണ്ണയിച്ചിരിക്കുന്നത്. 'സഞ്ചയ'യിൽ കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ/ഷെഡുകൾ മറ്റ് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി. വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ആയതിന് ബാധകമായ നിരക്കിൽ ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുകയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന നിലയിൽ നികുതി നിർണ്ണയിച്ച് മറ്റ് വാണിജ്യാവശ്യങ്ങൾക്കുപയോഗിക്കുന്നു. കെട്ടിടങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | കെട്ടിട വിസ്തീർണ്ണം (ച.മീ.) | നിലവിലെ ഉപയോഗം | റിമാർക്സ് |
|---|---|---|---|---|
| II/310 | സി.കെ. ദാസ് | 10 | ഫ്ലവർമിൽ/കടമുറി | കെട്ടിടത്തിൽ രണ്ട് കടമുറികൾ കാണുന്നു. അളവിന്റെ കൃത്യത പരിശോധിക്കേണ്ടതാണ്. |
| VII/43,45, 46,47, 48,50 | ബേബിച്ചൻ പുത്തൻപുര | 166,150.62, 150.62, 46.1,118.8, 117.4 | തടിമിൽ/ ഫർണീച്ചർ മാർട്ട് | |
| VIII/285 | മുരുകയ്യ | 200 | തടിമിൽ/ ഫർണീച്ചർ മാർട്ട് | |
| VIII/502 | സ്റ്റാൻലി ജോസഫ് | 12 | ഓഫീസ് | |

ആകെയുള്ള ഇത്തരം 48 കെട്ടിടങ്ങൾ ഏതാനും എണ്ണം മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആയതിനാൽ ഇപ്രകാരമുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി നിരക്കിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതും അപ്രകാരം പരിശോധിക്കുമ്പോൾ നിരക്കിൽ കുറവുള്ളതായി കണ്ടെത്തിയാൽ ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ച് 12 ശതമാനം പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ള പദ്ധതികൾക്ക് അധിക നിരക്ക് നല്കി നഷ്ടം - ₹1,85,437/-

താഴെ പറയുന്ന കുടിവെള്ള പദ്ധതികളിൽ ജി.ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന് ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള ഡി.എസ്.ആർ. നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത പദ്ധതികൾ നേരിട്ട് പരിശോധിച്ചപ്പോൾ ട്രെഞ്ചിംഗ് നടത്താതെ പൈപ്പുകൾ മണ്ണിന് മുകളിലൂടെയാണ് ഇട്ടിരിക്കുന്നതെന്ന് ബോദ്ധ്യപ്പെട്ടു. ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്കിൽ നിന്നും ട്രെഞ്ചിംഗിനുള്ള പണിക്കൂലി ഒഴിവാക്കി മരാമത്ത് ബിൽ തയ്യാറാക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാതെ ട്രെഞ്ചിംഗ് ഉൾപ്പടെയുള്ള നിരക്ക് കരാറുകാരന് നൽകിയതുമൂലം ₹1,85,437/- അധികമായി ചെലവഴിക്കാനിടയായി.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. മില്ലുംപടി ഭാഗം കുടിവെള്ള പദ്ധതി

| | |
|---|---|
| പദ്ധതി നമ്പർ | 4/18 |
| അടങ്കൽ തുക | ₹2,25,000/- |
| ബിൽ നംമ്പർ, തുക, തിയതി | 38/30/06/2017 ₹2,14,389/- |
| കൺവീനർ | ശ്രീ. ബിനേഷ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

ജി. ഐ. പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം

| ഇനം | എം ബുക്കിലെ ഇനം നം, | ട്രഞ്ചിംഗ് നടത്തിയതായി രേഖപ്പെടുത്തിയിരുന്ന പ്രവൃത്തിയുടെ ആകെ അളവ് | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്ത അളവ്-എം | ട്രെഞ്ചിംഗ് നടത്താത്ത അളവ്-എം | ട്രെഞ്ചിംഗ് നടത്തിയിട്ടില്ലാത്ത അളവിന് നൽകാവുന്ന തുക | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 50എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.6) | 14 | 104 m | 60292 | 0 | 104 | 104x446.21= 46405.84 (DSR 18.12.6 പ്രകാരം) | 13887.12 |
| അധികം നൽകിയത് | | | | | | | 13887.12 |

മറ്റ് അപാകത

പദ്ധതിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ പദ്ധതി കൊണ്ട് ഗുണഭോക്താക്കൾക്ക് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല.

2. പവ്വർഹൗസ് ചിത്തിരപുരം കുടിവെള്ള പദ്ധതി

| | |
|---|---|
| പദ്ധതി നമ്പർ | 21/18 |
| അടങ്കൽ തുക | ₹4,50,000/- |
| ബിൽ നമ്പർ/തുക/തീയതി | 9/29/4/18 ₹4,44,138/- |
| കൺവീനർ | ശ്രീ. വർഗീസ് കെ. വി. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനിയർ |

ജി.ഐ പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം

| ഇനം | എം ബുക്കിലെ ഇനം നം., പേജ് നം. | പ്രവൃത്തിയുടെ അളവ് എം | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്യത്ത അളവ്-എം | ട്രെഞ്ചിംഗ് നടത്താത്ത അളവ്-എം | ട്രെഞ്ചിംഗ് നടത്തിയിട്ടില്ലാത്ത അളവിന് നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 40എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.5) | 12/16 | 405 | 196384.50 | 0 | 405 | 405x381.36 =154450.8 (DSR 18.12.4 പ്രകാരം) | 41933.7 |
| 32എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്.ആർ ഇനം നമ്പർ 18.12.4) | 15/19 | 192 | 78307.2 | 0 | 192 | 192x297.65 =57148.8 | 21158.4 |
| അധികം നൽകിയത് | | | | | | | 63092.1 |

മറ്റ് അപാകത

നിലവിൽ ഈപദ്ധതിയിൽ നിന്നും ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നില്ല. നേരിട്ടുള്ള പരിശോധനയിൽ ടാങ്കിലേയ്ക്ക് ജലം എത്തുന്നില്ല

എന്ന് വ്യക്തമായി.

3) <u>പോതമേട് ഭാഗം കുടിവെള്ള പദ്ധതി</u>

| | |
|---|---|
| പദ്ധതി നമ്പർ | 36/18 |
| അടങ്കൽ തുക | ₹4,50,000/- |
| ബിൽ നമ്പർ, തുക, തീയതി | 14/29/4/17, ₹4,50,000/- |
| കൺവീനർ | ശ്രീ. ശക്തിവേൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |

<u>ജി.ഐ പൈപ്പുകൾ ഇട്ടിരിക്കുന്നതിന്റെ വിവരം</u>

| ഇനം | എം ബുക്കിലെ ഇനം നം, പേജ് നം | പ്രവൃത്തി യുടെ അളവ് എം | നൽകിയ തുക ₹ | ട്രെഞ്ചിംഗ് ചെയ്യത്ത അളവ്- എം | ട്രെഞ്ചിംഗ് നടത്താ ത്ത അളവ്- എം | ട്രെഞ്ചിംഗ് നടത്തിയി ട്ടില്ലാത്ത അളവിന് നൽകാവുന്ന തുക ₹ | അധികം നൽകിയ തുക ₹ |
|---|---|---|---|---|---|---|---|
| 50എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്. ആർ ഇനം നമ്പർ 18.12.6) | 4/10 | 406 | 235374.44 | 0 | 406 | 406x446.21= 181161.26 (DSR 18.12.6 പ്രകാരം) | 54213.18 |
| 32എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്. ആർ ഇനം നമ്പർ 18.12.4) | 5/10 | 250 | 101962.5 | 0 | 250 | 250x297.65= 74412.5 (DSR 18.12.4 പ്രകാരം) | 27550 |
| 25എം.എം. ജി.ഐ പൈപ്പ് ഇടീൽ ട്രെഞ്ചിംഗ് & റീഫില്ലിംഗ് ഉൾപ്പടെ (ഡി.എസ്. ആർ ഇനം നമ്പർ 18.12.4) | 6/11 | 190 | 70942 | 0 | 190 | 190x232.88= 44247.2 (DSR 18.12.3 പ്രകാരം) | 26694.8 |
| അധികം നൽകിയത് | | | | | | | 108457.98 |
| ആകെ അധികം നല്കിയ തുക | | | | | | | 185437.2 |

മേൽ പ്രവൃത്തികൾക്ക് അധികം നൽകിയ തുക ₹1,85,437/- അളവെടുത്ത് ബില്ല് തയ്യാറാക്കി നൽകിയ അസി. എഞ്ചിനീയർ, ചെക്ക്

മെഷർ ചെയ്ത അസി. എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

2017-18 വർഷം 23 കുടിവെള്ള പദ്ധതികളാണ് നിർവ്വഹണം നടത്തുവാൻ ഉണ്ടായിരുന്നത്. ഇതിൽ പൂർത്തിയാക്കിയ 15 പദ്ധതികളിൽ 4 പദ്ധതികൾ സാമ്പിളായി എടുത്ത് ഭൌതിക പരിശോധന നടത്തിയപ്പോൾ എല്ലാ പദ്ധതികളിലും ഗുരുതരമായ അപാകതകൾ ദൃശ്യമാണ്. പദ്ധതികളുടെ ആസൂത്രണം, നിർവ്വഹണം എന്നീ വേളകളിൽ ഒന്നും ശരിയായ കൂടിയാലോചനകൾ നടക്കുന്നില്ല. പദ്ധതികളുടെ മെഷർമെന്റ് രേഖപ്പെടുത്തൽ, ചെക്ക് മെഷർമെന്റ് എന്നിവയിൽ കൃത്യവിലോപം മേൽ വിവരിച്ചിട്ടുള്ള പദ്ധതികളിൽ ദൃശ്യമാണ്. ഈ സാഹചര്യത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മുഴുവൻ പദ്ധതികൾ സംബന്ധിച്ചും കൂടുതൽ അന്വേഷണങ്ങൾക്കും ഭരണവകുപ്പ് നടപടികൾക്കും ഓഡിറ്റ് ശുപാർശ ചെയ്യുന്നു. പദ്ധതികൾ ശരിയായ രീതിയിൽ നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനും ആവശ്യമായ മോണിറ്ററിംഗ് നടത്തുവാനും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യഥാസമയം ശ്രദ്ധിക്കേണ്ടതാണ്.

## 3-2 രണ്ടാം മൈൽ കുടിവെള്ള പദ്ധതി - പദ്ധതി പൂർത്തീകരിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം./പേര് | 35/18. രണ്ടാം മൈൽ കുടിവെള്ള പദ്ധതി |
| അടങ്കൽ | ₹4,50,000/- |
| കൺവീനർ | ടി.എ. മാനുവൽ |
| ബിൽ നം./തുക | 2/29/4/18, ₹4,41,237/- |

ഗ്രാമപഞ്ചായത്തിലെ രണ്ടാം മൈൽ ഭാഗത്ത് കുടിവെള്ളമെത്തിക്കുന്നതിനായി ആവിഷ്കരിച്ചതാണ് ടി പദ്ധതി. പള്ളിവാസൽ രണ്ടാം മൈൽ ഭാഗത്ത് ദേശീയ പാതയോരത്ത് ഒരു കിണർ നിർമ്മിച്ച് 641 മീറ്റർ ജി.ഐ. പൈപ്പ് ഇടുക മാത്രമാണ് നിലവിൽ പദ്ധതിയിൽ ചെയ്തിരിക്കുന്നത്. കുടിവെള്ളം എത്തിക്കുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി കൊണ്ട് നിലവിൽ ഒരു വ്യക്തിക്ക് പോലും പ്രയോജനമില്ല. ഇനിയും അനേകം മീറ്റർ പൈപ്പ് ഇട്ടെങ്കിൽ മാത്രമേ ഈ പദ്ധതി ജനവാസമേഖലയിലേയ്ക്ക് എത്തുകയുള്ളൂ. പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുക വകയിരുത്താതെയും പദ്ധതിയുടെ വിജയ സാധ്യത വിലയിരുത്താതെയുമാണ് തുക ചെലവ് ചെയ്തിരിക്കുന്നത്. ദേശീയപാതയുടെ വീതി 45 മീറ്റർ ആയിരിക്കെ യാതൊരു ദീർഘവീക്ഷണവുമില്ലാതെ ദേശീയപാതയോരത്ത് കിണർ നിർമ്മിക്കുക വഴി ഭാവിയിൽ പദ്ധതി ഇല്ലായ്മപ്പെടുവാനാണ് സാധ്യത. ഇത് പദ്ധതിപ്പണത്തിന്റെ ദുർവിനിയോഗമാണ്. 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി പദ്ധതി പൂർത്തീകരണത്തിനായി തുക വകയിരുത്തിയെങ്കിലും ആരും ടെണ്ടർ എടുക്കുവാൻ തയ്യാറായിട്ടില്ല എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലും ഭരണസമിതിയുടെയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും മോണിട്ടറിംഗ് സമിതിയുടെയും കാര്യക്ഷമമായ ഇടപെടൽ നടക്കാത്തതുമൂലമാണ് ഇപ്രകാരം പദ്ധതിപ്പണം ദുർവിനിയോഗം ചെയ്യുന്നതിന് ഇടയാവുന്നത്. പദ്ധതികൊണ്ട് യാതൊരുവിധ പ്രയോജനവും ലഭിക്കാത്തതുകൊണ്ടും പദ്ധതി പൂർത്തീകരിക്കാത്തതുകൊണ്ടും ഇതിനായി ചെലവഴിച്ച ₹4,41,237/-യും ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 182/18 പി.എച്ച്.സി-യ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹1,50,000/- |
| ബിൽ നം. | 4/14.03.2018 |

ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ നല്കുന്നു

| ഇൻവോയ്സ് നം. | തീയതി | തുക ₹ |
|---|---|---|
| 10748 | 17/10/2018 | 37,674 |
| 10752 | 17/10/2018 | 15,281 |
| 1254 | 31/10/2018 | 6,770 |
| 11814 | 2/11/2018 | 7,548 |
| 1252 | 31/10/2018 | 7,255 |
| ആകെ | | 74,528 |

അവശേഷിക്കുന്ന ₹75,472/-യുടെ മരുന്ന് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 അസാധാരണചെലവുകൾ– നടപടിക്രമം പാലിച്ചില്ല- ചെലവ് തടസ്സം ₹34,500/-

കല്ലാറിലുള്ള സർക്കാർ ആയുർവേദാശുപത്രിയുടെ ഉദ്ഘാടനത്തിനായി താഴെ വിവരിച്ചിട്ടുള്ളത് പ്രകാരം ₹34,500/- ചെലവഴിച്ചിട്ടുണ്ട്.

| ഇനം | തീയതി | വൗച്ചർ നം. | തുക ₹ |
|---|---|---|---|
| നോട്ടീസ് | 03.10.2017 | 21700439 | 5000 |
| സ്റ്റേജ് നിർമ്മാണം | 03.10.2017 | 21700440 | 12000 |
| മൈക്ക് സെറ്റ്, വാഹനം, സ്റ്റേജ് പ്രോഗ്രാം | 03.10.2017 | 21700441 | 11000 |
| ഫ്ലെക്സ് പ്രിന്റിങ് | 03.10.2017 | 21700442 | 3500 |
| വാദ്യമേളങ്ങൾ | 03.10.2017 | 21700444 | 3000 |
| | | ആകെ | 34500 |

പ്രസ്തുത ചെലവ് സർക്കാർ ഉത്തരവ് (എം.എസ്.)58/06/തസ്വഭവ. തീയതി. 16.02.2006 സർക്കാർ ഉത്തരവ് പ്രകാരമുള്ള അസാധാരണ ചെലവുകളിൽ ഉൾപ്പെട്ടതാണ്. ഈ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ മാത്രമേ അസാധാരണ ചെലവുകൾ നടത്താൻ പാടുള്ളൂ. 2017-18ലെ ആകെ അസാധാരണ ചെലവ് ₹1,00,000/-യിലും 2016-17 വർഷത്തെ തനത് ഫണ്ടിന്മേലുള്ള മിച്ചഫണ്ടിന്റെ 20%ലും കൂടിയിട്ടില്ല എന്ന് വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ₹34,500/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. 2017-18ലെ മുഴുവൻ അസാധാരണ ചെലവുകളും രജിസ്റ്ററിൽ രേഖപ്പെടുത്തി വ്യവസ്ഥകൾക്ക് അനുസൃതമാക്കേണ്ടതാണ്.

## 3-5 എഗ്ഗർ നേഴ്സറി ഉടമ ഒരേ ഹാച്ചറി ബില്ല് പല പഞ്ചായത്തിൽ നല്കുന്നു

| | | |
|---|---|---|
| പദ്ധതി | മുട്ടക്കോഴി വളർത്തൽ(163/18) | |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |
| വിഭവ സ്രോതസ്സ് | വികസന ഫണ്ട്(ജനറൽ) | ₹5,58,000 |
| | ഗുണഭോക്തൃവിഹിതം (പഞ്ചായത്തിൽ അടയ്ക്കുന്നത്) | ₹5,58,024 |
| | ആകെ അടങ്കൽ | ₹11,16,024 |
| ചെലവ് വിശദാംശങ്ങൾ | ബിൽ നം. 2/17-18/17-02-2018 | ₹2,99,400 |
| | ബിൽ നം. 4/17-18/14-03-2018 | ₹45,500 |
| | ചെക്ക് നം. 218151/21-02-2018 | ₹2,99,400 |
| | ചെക്ക് നം. 218156/02-05-2018 | ₹45,500 |
| | ആകെ | ₹6,89,800 |

മുട്ടക്കോഴി വളർത്തലിലൂടെ കുടുംബങ്ങൾക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി വിഭാവനം ചെയ്തത്. ഹാച്ചറികളിൽ നിന്ന് ഒരു ദിവസം പ്രായത്തിൽ എഗ്ഗർ നേഴ്സറികൾക്ക് ലഭിക്കുന്ന കോഴിക്കുഞ്ഞുങ്ങളെ 45 മുതൽ 60 ദിവസം വരെ പ്രായമാവുമ്പോൾ വാങ്ങി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള പദ്ധതിയാണിത്. ഒന്നിന് ₹100 /- എന്ന നിരക്കിൽ ആകെ 11160 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്യുമ്പോൾ ₹11,16,000/- ചെലവാകും എന്നാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത് (ആകെ അടങ്കൽ ₹11,16,024/- എന്നാണ് പ്രൊജക്റ്റിൽ കൊടുത്തിരിക്കുന്നത്).

സർക്കാർ പദ്ധതിയായി മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സംഗതിയിൽ, ഗവൺമെന്റ് ഫാമുകളിൽ/ഹാച്ചറികളിൽ നിന്ന് മാത്രം കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി വിതരണം ചെയ്യാനാണ് ഗവ. അംഗീകൃത എഗ്ഗർ നേഴ്സറികൾക്ക് അനുവാദമുള്ളത്. ഈ പദ്ധതിയിൽ അടിമാലിയിലുള്ള വെള്ളാംകണ്ടത്തിൽ പൗൾട്രി ഫാം എന്ന എഗ്ഗർ നേഴ്സറി രണ്ട് സ്വകാര്യ ഹാച്ചറികളിൽ നിന്ന് ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 45-60 ദിവസം വളർത്തിയതിന് ശേഷം നിർവഹണ ഉദ്യോഗസ്ഥന് കൈമാറിയിരിക്കുന്നു. പ്രൊജക്റ്റ് പ്രകാരം 6898 കോഴിക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തത്. ആയതിന് ₹6,89,800/-(6898x100) ചെലവായിട്ടുണ്ട്. ഇതിൽ ₹3,44,900/-(6898x50) സബ്സിഡിയും ₹3,44,900/-(6898x50) ഗുണഭോക്തൃ വിഹിതവുമാണ്.

| ക്രമ നം. | ഹാച്ചറിയുടെ പേര് | എഗ്ഗർ നേഴ്സറി കോഴി കുഞ്ഞുങ്ങളെ വാങ്ങിയ എണ്ണം/ തീയതി | വാക്സിനേഷൻ നടത്തിയ വെ. സർജൻ സാക്ഷ്യപ്പെടുത്തിയ പ്രകാരം വിതരണത്തിന് അനുയോജ്യമായ കോഴി | നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയ ദിവസത്തെ കോഴി കുഞ്ഞുങ്ങളുടെ പ്രായം (ദിവസം) | ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയ കോഴി കുഞ്ഞുങ്ങളുടെ എണ്ണം | ബാക്കി കോഴി കുഞ്ഞുങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | കുഞ്ഞുങ്ങളുടെ എണ്ണം | | | |
| 1 | യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാം, മണ്ണുത്തി | 3650 (Female-1100, Unsexed-2550) ബിൽ നമ്പർ 29/17-18 /09-11-2017 | 3600 | 45-60 | 3221 ബിൽ നമ്പർ 01/02.01.2018 | 379 |
| | | | | | 379 ബിൽ നമ്പർ 02/04.01.2018 | ഇല്ല |
| 2 | യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാം, മണ്ണുത്തി | 3450 (Female-1000, Unsexed-2450) ബിൽ നമ്പർ 30-എ/17-18 /16-11-2017 | 3300 | 45-60 | 1676 ബിൽ നമ്പർ 02/04.01.2018 | 1624 |
| | | | | | 712 ബിൽ നമ്പർ 05/29.01.2018 | 912 |
| 3 | ശ്രീ വിഷ്ണു ഹാച്ചറീസ്, താരാപുരം | 4400 ബിൽ നമ്പർ 87/18-01-2018 | 4200 | 45-60 | 910 ബിൽ നമ്പർ14/12.3.18 | 3290 |

2017-18 കാലയളവിൽ കാമാക്ഷി ഗ്രാമപഞ്ചായത്തിൽ മുട്ടക്കോഴി വളർത്തൽ (34/18) എന്ന പദ്ധതി നടപ്പാക്കിയതും ഇതേ എഗ്ഗർ നേഴ്സറി മുഖേനയാണ്. പ്രസ്തുത ഗ്രാമപഞ്ചായത്തിന്റെ 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-6-ലെ പട്ടിക അതേപടി ചുവടെ ചേർക്കുന്നു.

പട്ടിക 2

| ക്രമ നമ്പർ | ഹാച്ചറിയുടെ പേര് | എഗ്ഗർ നേഴ്സറി കോഴി കുഞ്ഞുങ്ങളെ വാങ്ങിയ എണ്ണം/ തീയതി | വാക്സിനേഷൻ നടത്തിയ വെ. സർജൻ സാക്ഷ്യപ്പെടുത്തിയ പ്രകാരം വിതരണത്തിന് അനുയോജ്യമായ കോഴി കുഞ്ഞുങ്ങളുടെ എണ്ണം | നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയ ദിവസത്തെ കോഴി കുഞ്ഞുങ്ങളുടെ പ്രായം (ദിവസം) | ബിൽ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയ കോഴി കുഞ്ഞുങ്ങളുടെ എണ്ണം | വാങ്ങിയതായി ബില്ലിൽ കാണിച്ചിരിക്കുന്ന അധിക എണ്ണം |
|---|---|---|---|---|---|---|
| 1 | യൂണിവേഴ്സിറ്റി പൗൾട്രി ആന്റ് ഡക്ക് ഫാം, മണ്ണുത്തി | 3450 (Female-1000, Unsexed-2450) ബിൽ നമ്പർ 30-എ/17-18 | 3300 | 91-105 | 3465 ബിൽ നമ്പർ 08/20.02.2018 | 165 |

| | | | | | | |
|---|---|---|---|---|---|---|
| | | 16-11-2017 | | | | |
| 2 | ഇടുക്കി ജില്ലാ പൗൾട്ടി ഫാം, കോലാനി | 1980 ബിൽ നമ്പർ 73/30 14-12-2017 | 1900 | 91-105 | 1620 ബിൽ നമ്പർ 17/19.03.18 | |
| | | | | | 280 ബിൽ നമ്പർ 19/22.03.18 | |
| 3 | ശ്രീ വിഷ്ണു ഹാച്ചറീസ്, താരാപുരം | 4300 ബിൽ നമ്പർ 86/06-01-2018 | 4000 | 78 | 3350 ബിൽ നമ്പർ 19/22.03.18 | |

പട്ടിക 1-ലെ ക്രമനമ്പർ 2-ഉം പട്ടിക 2-ലെ ക്രമനമ്പർ 1-ഉം പരിശോധിച്ചാൽ ഹാച്ചറിയിൽ നിന്നുള്ള വാങ്ങൽ രണ്ടും ഒന്നുതന്നെയെന്ന് വ്യക്തമാണ്. പട്ടിക 1-ൽ 29-01-2018 തീയതിയിൽ അവശേഷിക്കുന്ന കോഴിക്കുഞ്ഞുങ്ങൾ 912 മാത്രമാണ്. എന്നാൽ പട്ടിക 2-ലെ ബന്ധപ്പെട്ട ഭാഗം പരിശോധിക്കുമ്പോൾ വിതരണത്തിന് അനുയോജ്യമായ 3300 കോഴി കുഞ്ഞുങ്ങൾ മാത്രം ഉണ്ടെന്നിരിക്കെ ബിൽ നമ്പർ 08/20.02.2018 പ്രകാരം 3465 കോഴിക്കുഞ്ഞുങ്ങളെ വെറ്ററിനറി സർജൻ വാങ്ങിയതായി കാണുന്നു. അതായത് ഹാച്ചറിയിൽ നിന്നും ലഭ്യമായതിനേക്കാൾ കൂടുതൽ എണ്ണം വിതരണം ചെയ്തതായി വ്യക്തമാകുന്നു. രണ്ട് പഞ്ചായത്തിലെയും വെറ്ററിനറി സർജൻമാരെ എഗ്ഗർ നേഴ്സറി ഉടമ ഒരേ രേഖയുടെ പകർപ്പുകൾ നൽകി കബളിപ്പിച്ചെന്ന് ഇക്കാര്യത്തിൽ നിന്ന് വ്യക്തമാണ്. ഗവ. അംഗീകൃത ഹാച്ചറിയിൽ നിന്ന് ചിക്സിനെ വാങ്ങിയെന്നും അവശ്യംവേണ്ട വാക്സിനേഷനുകൾ നല്കിയാണ് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതെന്നും വെറ്ററിനറി സർജന് ഉറപ്പാക്കാനായില്ലെന്നത് വസ്തുതയാണ്. ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തേണ്ടതും ഗ്രാമപഞ്ചായത്ത് മുൻകൈയെടുത്ത് എഗ്ഗർ നേഴ്സറി ഉടമയ്ക്കെതിരെ, കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതടക്കമുള്ള, നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 പദ്ധതി തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വിവിധ പദ്ധതികൾക്കായി ലഭിച്ച ₹32,94,130/- ചെലവഴിക്കാതെ അവശേഷിക്കുന്നതായി 2017-18-ലെ വർഷത്തെ ധനകാര്യ പത്രികയിൽ കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | ശുചിത്വ മിഷൻ ഫണ്ട് (ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള തുക) | 13,91,509 |
| 2 | ആശ്രയ ഹൗസിംഗ് ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക | 5,91,293 |
| 3 | എം.എൽ.എ. ഫണ്ട് | 13,11,328 |
| | ആകെ | 3294130 |

പദ്ധതികൾക്ക് വേണ്ടി ലഭിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത് ആശാസ്യമല്ല.

കൂടാതെ, തൻവർഷം പദ്ധതികൾക്കായി ലഭിച്ച വികസന ഫണ്ടിൽ 81.05% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. അതായത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി ഉപയോഗിക്കാമായിരുന്ന ₹89,76,980/- നഷ്ടമായിട്ടുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 400000 | ക്ഷീരോൽപാദനത്തിന് സബ്സിഡി (S0170/17) | 400000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 225000 | ക്ഷീരോൽപാദനത്തിന് സബ്സിഡി (S0170/17) | 250000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2017-18 | 225000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S0165/17) | 225000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻ വർഷം എടുത്ത തുക | തൻ വർഷം തിരിച്ചടച്ച തുക | വർഷാ വസാനം തിരിച്ച ടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | ₹ | ₹ | ₹ | ബാക്കി യുള്ള തുക ₹ |
|---|---|---|---|---|---|---|
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ.(ആർ.റ്റി) 510/10/ എൽ.എസ്. ജി.ഡി തീയതി. 17.02.2010 | 10500000 | 1759775 | 0 | 1759775 | 0 |
| ജവഹർ ഭവന പദ്ധതി | സ.ഉ. നം.1577/15/ എൽ.എസ്. ജി.ഡി തീയതി. 27.5.2015 | 5660000 | 4180000 | 1480000 | 546000 | 5114000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹57/- യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 1998-99 | 22 | 34 | ബി. ശിവപ്രസാദ്, എൽ.ഡി.സി. | 117050102905/ 16.12.2017 |
| 1998-99 | 19 | 23 | ബി. ശിവപ്രസാദ്, എൽ.ഡി.സി. | 117050102906/ 16.12.2017 |
| ആകെ | | 57 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | - | 1999-00 | - | ഉപാധിരഹിത ഫണ്ട് ഉപയോഗിച്ചുള്ള പൊതുമരാമത്ത് | - |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവൃത്തികൾ – ക്രമരഹിതമായി പണം ചെലവഴിച്ചു | |
| 2006-07 | 2-7 | 2009-10 | 2.6 | വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ മുദ്രപ്പത്രയിനത്തിലെ നഷ്ടം – ₹9,161/- | - |
| 2006-07 | 3-11 | 2009-10 | 2-8 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ – ₹7,57,450/- | - |
| സ്പെഷ്യൽ ഓഡിറ്റ് | | 2015-16 | 5.1.1 മുതൽ 5.1.5 വരെ | കെട്ടിട നിർമ്മാണ പെർമിറ്റ് പോരായ്മകൾ | |

## 4-8 ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

എ) ചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 1996-97 | 30 (A) & 32 | കെ.വി. ആന്റണി ജെ.എസ്. ദേവികുളം ബ്ലോക്ക് പഞ്ചായത്ത് | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.01.2002 | 4995 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4995 | |
| 2 | 2000-01 | 26 | കെ.എം. ഷാജി മോഹനൻ സെക്രട്ടറി | എൽ.എഫ്.2721/ സ്പെ.സെൽ എസ്.സി.2/ 2004, 23.12.04/ 14.01.05 | 42600 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 42600 | |

ബി) സർചാർജ് സർട്ടിഫിക്കറ്റ് വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്/ ഔദ്യോഗിക സ്ഥാനം/ ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി ₹ | കോടതി വ്യവഹാരങ്ങളിൽ/ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നം./ തീയതി | തുക ₹ | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 33,34, 35 (1)(2), 36,37 | കെ. വി. ആന്റണി സെക്രട്ടറി | എൽ.എഫ്.603/ സ്പെ.സെൽ എസ്.സി.2/ 2000, 25.1.2002 | 4929 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4929 | |
| 2 | 1998-99 | 30,31, 33,35 | എം. കെ. മോഹനൻ ജെ.എസ്. | എൽ.എഫ്.6876/ സ്പെ.സെൽ എസ്.സി.2/ 2002, 16.12.02 | 19332 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 19332 | |
| 3 | 2004-05 | 3-8 (part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |
| 4 | 2004-05 | 3-8 (part) | കെ. സുധാകരൻ അസി.എക്സി. എഞ്ചിനീയർ | എൽ.എഫ്. 19649/ സ്പെ.സെൽ എസ്.സി.2/ 2007, 24.10.09 | 2688 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2688 | |

## **4-9** <u>ഓഡിറ്റ് പ്രത്യവലോകനം</u>

(എ) <u>സംക്ഷിപ്ത വിവരം</u>

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹73603635/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹6,37,06,529/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,85,437/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4,75,737/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | |
| 3-1 | | 185437 | 92719 | ശ്രീ. എം. അനന്തകൃഷ്ണൻ അസിസ്റ്റൻറ് എഞ്ചിനീയർ |
| | | | 92718 | ശ്രീ. കെ. എം. ഉഷാനന്ദൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 185437 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 441237 | ശ്രീ. എം. അനന്തകൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 34500 | ശ്രീ. ഹരി പുരുഷോത്തമൻ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം. അനന്തകൃഷ്ണൻ അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പള്ളിവാസൽ ഗ്രാമപഞ്ചായത്ത് | ദൈവവിലാസം, ചോറ്റാനിക്കര, എറണാകുളം |
| ശ്രീ. കെ. എം. ഉഷാനന്ദൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കട്ടപ്പന ബ്ലോക്ക്പഞ്ചായത്ത് | കിഴക്കൻ വീട് കെ.എസ്.ഇ.ബി. സബ് സ്റ്റേഷന് |

| | | |
|---|---|---|
| | | എതിർവശം<br>കട്ടപ്പന |
| ശ്രീ. ഹരി പുരുഷോത്തമൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>പള്ളിവാസൽ<br>ഗ്രാമപഞ്ചായത്ത് | ഹണിലാന്റ്,<br>പേട്ട പി. ഒ.,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ നമ്പർ | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1996-97 | LFI-8/442/98/18.11.1998 | 21 | PART -II- 30(A)(B)(C), 31, 32, PART -III-. 33, 34,35, 36, 37, PART -IV, 38, 39, 40, 41, 42, 43, 44, 45, 46, 47, 48 |
| 1997-99 | LFI-8-15/2002/<br>02.02.2002 | 27 | PART-II-22, 23, 24, 25(A),(B), 26, 27, 28, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44,<br>45, 46, 47, 48 |
| 1998-99 | LFI-8/16/2002/<br>27.03.2002 | 17 | PART-II-19, 20, 21,22, 23, 24, 26, 27,28, 29, 30, 31, 32,<br>33, 34, 35, 36, |
| 1999-00 | LFI-8/46/02/05.03.2003 | 20 | PART-II-19(1),20,21, 2KSA-IDK2, 23,24, 25(1)(2),(3),26,27, 28, 29, 30, 31(1),(2), 32, 33,34, 35, |
| 2000-01 | LFI-8/707/03/08.01.2004 | | |
| 2001-02 | LFI-8/632/03/10.08.2005 | 12 | PART-II- 1, 2, 5,9,10, 11, 12, 13,<br>14,15, 16, 17 |
| 2002-03 | LFI-8/403/2005/<br>22.08.2006/23.01.2007 | 19 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6,3.7, 3.8, 3.9, 3.10, 3.11, 3.12(A),(B), 3.13 |
| 2003-04 | LFI-7/425/07<br>20.07.2007 | 10 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4 |
| 2004-05 | LFI-7/810/2007<br>06.10.2017/01.11.2017 | 15 | 2.1, 2.2, 2.3, 2.4, 2.5, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7(A),(B), 3.8, 3.9 |

| | | | |
|---|---|---|---|
| 2005-06 | LFI-7/1081/2008 26.08.2009 | 10 | 2.1, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9 |
| 2006-07 | LFI-7/1112/2000 24.12.2000 | 24 | 2.1, 2.2(A),(B) 2.3, 2.4(A),(B), 2.5, 2.6, 2.7,3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, 3.9, 3.10,3.11, 3.12, 3.13, 3.14, 3.15, |
| 2007-08 | LFI-11/1469/12 04.05.2013 | 33 | 2.1(1)(2), 2.2, 2.3, 2.4, 2.5, 2.6(A,B,C,D), 2.7,2.11, 2.12 3.1, 3.2, 3.3, 3.4, 3.5,3.6, 3.7, .3.8, 3.9, 3.10, 3.11, 3.12,3.13, 3.14, 3.15, 3.16, 3.17, 3.18, 3.19 |
| 2008-09 | LFI-11-547/11 20.12.2011 | 15 | 2.1, 2.2, 2.3,2.4(A)(B) 2.5, 3.1, 3.2, 3.3,3.4, 3.5,3.6, 3.7, 3.8, 3.9, |
| 2009-10 | LFI-11/547/2011 03.04.2013/12.04.2013 | 14 | 2.1, 2.2, 2.3, 2.4, 2.5, 2.6, 3.1, 3.2, 3.3, 3.4, 3.5, 3.6, 3.7, 3.8, |
| 2010-11 & 2011-12 | KSA-IDK-11/300/18 18.03.2018/08.03.2018 | 15 | 2.3, 2.4, 2.5(A)(B),3.3, 3.5(3,5,6,7) 3.6, 3.7, 3.8, 3.9,3.10, 3.12 |
| 2012-13 | KSA-IDK-11/1424/17 1710.2017/24.10.2017 | 9 | 2.1(A),(B), 2.2, 2.3, 3.1, 3.3, 3.4, 3.5, 3.6 |
| 2013-14 | KSA-IDK-11/1028/15 08.10.2015 | 9 | 2.1, 2.2, 3.1, 3.2, 3.3, 3.4, 3.5,3.7,3.8 |
| 2014-15 | KSA-IDK-11/827/17 17.10.2017/02.11.2017 | 6 | 2.2, 2.3. 3.2, 3.3, 3.4, 3.5 |
| 2015-16 | KSA-IDK/11/469/2017/ 12.04.2017 | 6 | 3.2, 3.3, 3.5(1,2), 3.6, 3.7, |
| 2016-17 | KSA-IDK/11/1420/17/ 13.11.2017/12.01.2018 | 10 | 2.1, 2.2, 2.3, 2.4, 2.5, 2.6, 2.7, 3.1, 3.2, 3.3, |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം - 1

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ഐ.ഡി.കെ- 11/1374/2018


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ഇടുക്കി, തൊടുപുഴ

Ph:04862-227332

***e-mail : doidk.ksad@kerala.gov.in***


തീയതി : 05.12.2018

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിവാസൽ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

## അനുബന്ധം - 2

ഓഡിറ്റ് ചെയ്ത പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,ഇടുക്കി